Santhigiri

ഉണ്മനിതകം

VOL 05 | ISSUE 12 | 2019 മാർച്ച് 24 | 1194 മീനം 10

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / പ്രണവപത്മം പുരസ്കാരം വിശേഷാൽ പതിപ്പ്

**ഗുരുവാണി**

"ജീവിതം കൊണ്ട് പഠിച്ചവരെ കണ്ടുപഠിക്കുക. അല്ലെങ്കിൽ അതനുസരിക്കുക. അതല്ലേ ഗുരുശിഷ്യബന്ധത്തിന്റെ മാർഗ്ഗം. ഇത്രയും സൂക്ഷിച്ചുപഠിച്ചാൽ നിങ്ങൾക്ക് നിങ്ങളേയും ലോകർക്ക് ലോകരേയും സൂക്ഷിക്കാനുള്ള കാര്യമായി. "

# മോഹൻലാൽ ശാന്തിഗിരിയിൽ

## 'പ്രണവപത്മം' പുരസ്കാരദാനം നാളെ



**തിരുവനന്തപുരം:** ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയ 'പ്രണവപത്മം' പുരസ്കാരം ഏറ്റുവാങ്ങുന്നതിനായി ഇന്ത്യൻ ചലച്ചിത്രരംഗത്തെ നടനവിസ്മയം പത്മഭൂഷൺ മോഹൻലാൽ നാളെ ശാന്തിഗിരിയിലെത്തും. നേപ്പാൾ മുൻ പ്രധാനമന്ത്രി ജാലാനാഥ് ഖനലിൽനിന്നും അദ്ദേഹം പുരസ്കാരം ഏറ്റുവാങ്ങും. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവുമാണ് പുരസ്കാരം. വൈകുന്നേരം 6 മണിക്ക് ആശ്രമം റിസർച്ച് സോണിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ ചടങ്ങ് നടക്കും. ശ്രീകുമാരൻ തമ്പി, ഡോ.ജോർജ്ജ് ഓണക്കൂർ, മധുപാൽ, ഡോ. ജി. രാജ്മോഹൻ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്ക്കാരം നിർണയിച്ചത്. ചടങ്ങിൽ പങ്കെടുക്കുന്നതിനായി സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലെ നിരവധി പ്രമുഖർ എത്തിച്ചേരും.

മന്ത്രിമാരായ കടകംപള്ളി സുരേന്ദ്രൻ, കെ കെ ശൈലജ ടീച്ചർ, പാർലമെന്റംഗങ്ങളായ ഡോ. ശശി തരൂർ, ഡോ. എ സമ്പത്ത്, ആന്റോ ആന്റണി, എം എൽ എ മാരായ സി ദിവാകരൻ, അടൂർ പ്രകാശ്, ഇ എസ് ബിജിമോൾ, മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, കേരളാ പോലീസ് മേധാവി ലോക്നാഥ് ബഹ്റ, ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ശിവഗിരിമഠത്തിലെ സ്വാമി സൂക്ഷ്മാനന്ദ, സ്വാമി ലോകേശാനന്ദ, സ്വാമി ശുഭംഗാനന്ദ, ബിഷപ്പ് സാമുവൽ മാർ ഐറേനിയസ്, ഫാ.യൂജിൻ പെരേര, വി.പി സുഹൈബ് മൗലവി, ജേക്കബ് പുന്നൂസ്, എക്സൈസ് കമ്മീഷ്ണർ ഋഷിരാജ് സിംഗ്, എ.ഡി.ജി.പി ടോമിൻ തച്ചങ്കരി, ഐ.ജി പി വിജയൻ, മുൻ ഡെപ്യൂട്ടിസ്പീക്കർ പാലോട് രവി, മുൻമന്ത്രി പന്തളം സുധാകരൻ, മുൻ എം.എൽ.എ മാരായ കോലിയക്കോട് എൻ കൃഷ്ണൻ നായർ, എം.എ വാഹിദ്, പി.എച്ച്.കുര്യൻ, ടി.പി ശ്രീനിവാസൻ, എ.അയ്യപ്പൻ, ബി.ജെ.പിനേതാക്കളായ പി കെ കൃഷ്ണദാസ്, ശോഭാ സുരേന്ദ്രൻ, പി പി മുകുന്ദൻ, ഗോകുലം ഗ്രൂപ്പ് ചെയർമാൻ ഗോകുലം ഗോപാലൻ, ഡോ. ജോർജ്ജ് ഓണക്കൂർ, ഡോ.ജി വിജയരാഘവൻ, ജി ശങ്കർ, സൗത്ത് പാർക്ക് മാനേജിംഗ് ഡയറക്ടർ ജി മോഹൻദാസ്, ആനാവൂർ നാഗപ്പൻ, നെയ്യാറ്റിൻകര സനൽ, അഡ്വ.എസ് സുരേഷ്, ജി.ആർ അനിൽ, എസ്. ഭുവനചന്ദ്രൻ, അഡ്വ. എ എ റഹീം, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ കെ പി ചന്ദ്രൻ, എ ഷാനിബാ ബീഗം, സരസ്വതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ ഡോ. ജി രാജ്മോഹൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എസ് സുജാത, എസ് മധു, കെ വേണുഗോപാലൻ നായർ, സീനത്ത് ബീവി, ഡോ.ജെ ഹരീന്ദ്രൻ നായർ, എം.എസ് ഫൈസൽ ഖാൻ, ആർ.അജിത്ത് കുമാർ, പത്മജ രാധാകൃഷ്ണൻ, സബീർ തിരുമല, വിനോദ് വൈശാഖി, ഉബൈസ് സൈനുലാബ്ദീൻ തുടങ്ങിയവർ പങ്കെടുക്കും.

മോഹൻലാൽ പ്രണവപത്മം പുരസ്കാരം സ്വീകരിക്കുന്നതിന് സാക്ഷിയാകാൻ ചലച്ചിത്ര പ്രവർത്തകരുടെ നീണ്ട നിരതന്നെ എത്തും. ചലചിത്ര സംവിധായകനും കവിയുമായ ശ്രീകുമാരൻ തമ്പി, സംവിധായകരായ കെ മധു, രാജീവ്നാഥ്, ബാലുകിരിയത്ത്, എം.കെ ഹരികുമാർ, തുളസീദാസ്, ടി.എസ് സുരേഷ്ബാബു, വിജി തമ്പി, ജി എസ് വിജയൻ, ഷാജി കൈലാസ്, വി എ ശ്രീകുമാർ മേനോൻ, രാജീവ് അഞ്ചൽ, കെ മധുപാൽ, ആർ. എസ് വിമൽ, നിർമ്മാതാക്കളായ സാബു ചെറിയാൻ, ആന്റണി പെരുമ്പാവൂർ, ഛായാഗ്രാഹകൻ അഴകപ്പൻ, അഭിനേതാക്കളായ കൊല്ലം തുളസി, പ്രേംകുമാർ, ഗാനരചയിതാവ് രാജീവ് ആലുങ്കൽ തുടങ്ങി നിരവധി പ്രമുഖർ എത്തിച്ചേരും.

## 'വിസ്മയ മോഹനം'

### വൈകുന്നേരം 5 മണി മുതൽ

**റിസർച്ച് സോൺ:** മോഹൻലാലിനെ ശാന്തിഗിരിയിലേക്ക് വരവേൽക്കുന്നതിനായി ഒരുക്കിയ 'വിസ്മയ മോഹനം' കലാവിരുന്നോടെ പുരസ്ക്കാരദാന ചടങ്ങുകൾക്ക് തുടക്കമാകും. മാർച്ച് 25 വൈകുന്നേരം 5 മണിമുതൽ ആരംഭിക്കുന്ന പരിപാടിയിൽ പ്രശസ്ത കലാകാരന്മാർ പങ്കെടുക്കും.

വയലിനിസ്റ്റ് ശബരീഷിന്റെ നാദധാരയുടെ പശ്ചാത്തലത്തിൽ മോഹൻലാലിന്റെ അഭിനയമുഹൂർത്തങ്ങൾ കോർത്തിണക്കിയ സ്റ്റേജ്ഷോയോടെ പരിപാടികൾ ആരംഭിക്കും. തുടർന്ന് ചലച്ചിത്ര പിന്നണി ഗായകരായ ജാസി ഗിഫ്റ്റ്,സുധീപ് കുമാർ, രവിശങ്കർ, മണക്കാട് രാമചന്ദ്രൻ, അജിത് രാജ്, അഖില ആനന്ദ്, മണക്കാട് ഗോപൻ, സരിത റാം, ലക്ഷ്മി നാരായൺ തുടങ്ങിയവർ അണിനിരക്കുന്ന 'ഗാനതരംഗം' ഗാനമേള.

ചലചചിത്ര താരങ്ങളായ നോബി മാർക്കോസ്, ബിനു കമൽ, അനില ശ്രീകുമാർ എന്നിവർ നയിക്കുന്ന ഹാസ്യവിരുന്ന്. സംഗീതജ്ഞൻ ചാൾസ് ആന്റണിയുടെ ഗിറ്റാർ സംഗീതം, ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ ആഭിമുഖ്യത്തിൽ ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജ്, ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികളുടെ കലാപരിപാടികൾ, ശാന്തിഗിരി ക്വയർ അവതരിപ്പിക്കുന്ന വന്ദനഗാനം എന്നിങ്ങനെ നിരവധി പരിപാടികൾ വിസ്മയ മോഹനത്തെ വർണ്ണാഭമാക്കും.

സിനിമാ സംവിധായകൻ ശ്രീകുമാർ മേനോന്റെ മേൽനോട്ടത്തിലാണ് കലാപരിപാടികൾ അരങ്ങേറുന്നത്.

240 അടി നീളവും 84 അടി വീതിയിൽ അരലക്ഷം പേർക്ക് ഇരിക്കാവുന്ന രീതിയിലാണ് ഓഡിറ്റോറിയം ഒരുക്കിയിരിക്കുന്നത്. നൂറുപേർക്ക് ഇരിക്കാവുന്ന 60 അടി നീളവും 40 അടി വീതിയുമുള്ള വിശാലമായ വേദിയിലാണ് പുരസ്ക്കാര സമർപ്പണവും കലാപരിപാടികളും നടക്കുന്നത്. 1000 ചതുരശ്രഅടി വിസ്തൃതിയുള്ള എൽ.ഇ.ഡി സ്ക്രീൻ വഴി പരിപാടികൾ തത്സമയം കാണാൻ കഴിയും. പ്രവേശനം സൗജന്യം.

# ഗുരുവാണി

ബ്രഹ്മചാരികളില്ലാത്ത ആശ്രമത്തിൽ ത്യാഗം കുറവായിരിക്കും. പൂർണത്യാഗത്തിന്റെ തൊണ്ണൂറു ശതമാനമെങ്കിലും എത്തിയാലേ ഒരു ആശ്രമത്തെ ആശ്രമത്തിന്റെ സ്വഭാവത്തിൽ എത്തിക്കാൻ കഴിയൂ. അത്തരമൊരു ആശ്രമത്തിൽ കഴിയുന്നവർ ആദ്യം സൂക്ഷിക്കേണ്ടത് തന്റെ മനസ്സിന്റെ നന്മയുടേയും തിന്മയുടേയും തൂക്കം എത്രയുണ്ടെന്നാണ്.

നമുക്ക് അച്ഛനോടും അമ്മയോടും മറ്റുള്ളവരോടും സ്നേഹമുണ്ട്. പക്ഷെ സൂക്ഷിച്ചാലറിയാം ആ സ്നേഹം അത്ര വലുതല്ലെന്ന്. വളരെ സൂക്ഷിച്ചാലേ അതു മനസ്സിലാകു. ചില സമയങ്ങളിൽ വർദ്ധിച്ച തോതിൽ സ്നേഹം തോന്നുന്നത് അതുകൊണ്ടാണ്. മറ്റുള്ളവരോടുള്ള സ്നേഹത്തിലൂടെ സ്വന്തം സുഖം വർദ്ധിപ്പിക്കുവാൻ നോക്കുന്ന പ്രവണത സഹജമായിത്തന്നെ എല്ലാവർക്കുമുണ്ട്. അതിന് ഏതു രീതി വേണമെങ്കിലും അവലംബിക്കുകയും ചെയ്യും.

മനുഷ്യൻ വികാരങ്ങളുടെ ഒഴുക്കിനനുസരിച്ച് പോകുന്നതോടൊപ്പം സ്നേഹം പോയി, ഒടുവിൽ ഒന്നും നിശ്ചയമില്ലാത്ത അവസ്ഥ വന്നുചേരും. അതിനു നമ്മൾ എന്തു ചെയ്യണം? ഒരു 'ഒന്നിൽ' സാക്ഷിത്വം കൽപ്പിക്കണം. ആ സാക്ഷിത്വം യുക്തമായി നമ്മുടെ മുന്നിലുണ്ടായിരിക്കുകയും വേണം.

ഗുരുവിൽ കുറവു കാണുന്നതെന്തുകൊണ്ടാണ്? ഗുരു എന്ന സാമാന്യ ഭാവത്തിന് അഥവാ ഇഷ്ടദേവതയ്ക്ക് അവസ്ഥാഭേദങ്ങളുള്ളതുകൊണ്ട്. പൂർണനായ ഗുരു അവസ്ഥാഭേദങ്ങൾക്ക് അതീതനാണ്. അങ്ങനെയുള്ള ഗുരുവിനെ സ്വമേധയാ ലഭിക്കാനോ അന്വേഷിച്ചു കണ്ടുപിടിക്കാനോ, കിട്ടിക്കഴിഞ്ഞാൽത്തന്നെ ഗുരുവിൽ പൂർണത്വം ദർശിക്കാനോ ഉള്ള യോഗ്യതയില്ലെങ്കിൽ ഒരു ഘട്ടം എത്തുമ്പോൾ ഇട്ടിട്ടുപോകും. അതുവരെ ചെയ്തുവച്ചത് അവതാളത്തിലുമാകും. അതാണ് നേരത്തെ സൂചിപ്പിച്ചത്, സ്നേഹം കുറഞ്ഞ് ഒരു അനിശ്ചിതാവസ്ഥയിൽ എത്തിപ്പെട്ടു പോകും എന്ന്. അതിനാൽ, എന്തു ജീവിതമായാലും ആ ജീവിതത്തിൽ നമുക്കൊരു ഉറപ്പുണ്ടാകണം. ഇറച്ചിക്കച്ചവടക്കാരനായാൽപ്പോലും വേണം, ആ ഉറപ്പ്. ഏറ്റവും യോഗ്യമായ ജീവിതം നയിക്കുന്ന ഗൃഹസ്ഥാശ്രമിക്ക് ഒരു സന്ന്യാസിയേക്കാളും യോഗ്യത നേടാം. ഗൃഹസ്ഥാശ്രമിയായാലും സന്ന്യാസിയായാലും ഓരോരുത്തരുടേയും കർമ്മശേഷിക്കനുസരിച്ചേ ഗുരുവിന് സ്നേഹമുണ്ടാകൂ. ഗുരു-ശിഷ്യബന്ധത്തിൽ ഉറപ്പുള്ളവന് ഗുരുവിൽ സംശയം വരുകയില്ല.

# അവാച്യമായ ആനന്ദാനുഭവം

പ്രകാശപഥം

എന്റെ ഗുരുവിന്റെ ബാഹ്യരൂപത്തിൽ നിന്ന് ഞാൻ അനുഭവിച്ച സ്നേഹവാൽസല്യങ്ങൾ അതേപോലെതന്നെ സൂക്ഷ്മരൂപം കണ്ടും അനുഭവിച്ചും നിർവൃതിയാൽ വിതുമ്പുന്ന മനസ്സോടെ നിത്യേനയെന്നോണം ഞാൻ ഗുരുവിനോട് ചോദിക്കാറുണ്ട്: "ഗുരോ! നീ എത്ര കണ്ട് കാരുണ്യവാനും ഗംഭീരനും ചൈതന്യാത്മസ്വരൂപനുമാണ്. നിന്റെ ആ അപ്രമേയ വിലാസങ്ങൾ എന്റെ സഹജീവികളായിരിക്കുന്ന വ്യക്തികളുടെ മുമ്പിലും പ്രകടിപ്പിച്ചുകൂടേ? അശരീരി, ജാഗ്രത്, പ്രത്യക്ഷ സാക്ഷാത്കാരങ്ങളായി അവർക്കും അനുഭവപ്പെടുത്തിക്കൂടേ?" എന്ന്.

അപ്പോൾ ഗുരു പറയും. "അവരുടെ ജീവിതത്തിൽ പുണ്യവും ഭാഗ്യവും പോലെ, നിന്നോട് അവർക്കുള്ള അവകാശത്തിന് അനുസരണമായി ആ അവകാശം അവർക്കും കിട്ടും".

ഗുരോ! അതെനിക്കറിയാം. ആ അറിവ് അങ്ങ് എനിക്ക് പകർന്നു തന്നിട്ടുണ്ടല്ലോ. എങ്കിലും നിന്റെ നവസ്ഥായീഭാവങ്ങൾ ഭാസുരകൃപാരസമായി എന്റെ ആത്മസഹോദരങ്ങൾക്കെല്ലാവർക്കും ഒരുപോലെ പങ്കിട്ട് നിർവൃതിയടയാൻ കഴിയുന്നില്ലല്ലോ എന്നോർത്ത് എന്റെ ചേതസ്സ് താപം കൊണ്ട് നിശ്ചലമാകുന്നു.

തേനീച്ച വിശുദ്ധമായ മധു സംഭരിക്കുന്നു. വർണ്ണശബളവും സൗരഭ്യമിയലുന്നതുമായ പുഷ്പദലങ്ങൾക്കുള്ളിൽ കുശലതയോടെ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ആ മധു അത്യന്തം സൂക്ഷ്മതയോടെ കവർന്നെടുക്കാൻ തേനീച്ചയ്ക്ക് കഴിയുമെങ്കിൽ, എത്രയോ ഭംഗിയിൽ കോർത്തിണക്കിവെച്ചിരിക്കുന്ന – ഈശ്വരകൃപാരസമായ ആ കനിവിനെ കവർന്നെടുക്കാൻ നിശ്ചയമായും സാധിക്കും.

ബഹുകോടി ജീവിതശ്രേണികളുടെ സമുദ്രസദൃശമായ ആഴങ്ങളിൽ ഒരു നവാനന്ദ പ്രവാഹമായി നീന്തിത്തുടിച്ച് പ്രകാശങ്ങളുടെ അവസ്ഥാന്തരങ്ങളുടെ ആഴങ്ങളിലും ഔന്നത്യങ്ങളിലും സുഷിരങ്ങളിലും വ്യാപ്തങ്ങളിലും ആഴ്ന്നിറങ്ങിയിരിക്കുന്ന ഗുരുവിന്റെ ചൈതന്യാമൃതം നുകരുന്നത് എത്ര അവാച്യമായ ആനന്ദാനുഭവമാണ്! ഗുരുവിന്റെ ജന്മാന്തരത്യാഗസ്ഫുരണങ്ങൾ അമൃതദ്രവസംയുക്തമായി സ്വരൂപിച്ച് യുഗാന്തരങ്ങൾക്ക് മുമ്പും പിൻപും അവകാശപ്പെടുത്തി നിർത്തിയിരിക്കുകയായിരുന്നു. അത് അണുവിൽ ഏറ്റവും സൂക്ഷ്മരൂപത്തിൽ അഖണ്ഡത്തിൽ അത്രത്തോളം വികസിതരൂപത്തിൽ, അങ്ങനെ സകലഭൂതങ്ങളിലും അതാതിന്റെ തികവിൽ, അതാതിന്റെ മേന്മയിൽ, അതാതിന്റെ ഭാസുരതയിൽ സൂക്ഷിച്ചിരിക്കുന്നു

( **'ദൈവസ്നേഹം പകുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ഗുരുവിലൂടെ രഘുരാമനെ വീണ്ടും കണ്ടപ്പോൾ

നന്ദൻ.വി.ബി.കൊഞ്ചിറ

രണ്ട് പതിറ്റാണ്ടുകൾക്കും രണ്ട് സംവത്സരങ്ങൾക്കും ശേഷം മോഹൻലാൽ പ്രധാന കഥാപാത്രമായി തിളങ്ങിയ രാജീവ് അഞ്ചലിന്റെ 'ഗുരു' എന്ന സിനിമകാണുമ്പോൾ വർത്തമാന കാലത്തെ ചില സംഭവങ്ങളിലേക്കാണ് ചിന്ത മനസ്സിനെ കോർക്കുന്നത്. രഘുരാമൻ എന്ന മോഹൻലാൽ കഥാപാത്രത്തെ ഇപ്പോൾ ഒന്നുകൂടി കാണുമ്പോൾ നമുക്ക് മുന്നിൽ തെളിയുന്നത് 'ഗുരു' വിന്റെ പ്രസക്തിയാണ്. ഗുരു ചൊരിയുന്ന വിജ്ഞാനം ലോകനന്മയ്ക്കായുള്ളതാണെന്ന ബോധ്യപ്പെടലാണ്. സിനിമ കാട്ടിതരുന്ന ഓരോ കാഴ്ചയും ഇന്നു ലോകത്തെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുന്ന, ഇന്നലെയും ഇന്നുമൊക്കെയായി നടക്കുന്ന ദുർസംഭവപരമ്പരകളുടെയെല്ലാം പ്രതീകമായി നമ്മുടെ മുന്നിൽ മുഴച്ചുനിൽക്കുന്നു. കലാകാരൻ ത്രികാലജ്ഞാനിയാണ്, അവന് നാളെ നടക്കാവുന്ന അനിഷ്ടങ്ങളേയും തിന്മകളേയും ഇന്നുകാണാൻ കഴിയും . അതിലേക്കവൻ വിരൽ ചൂണ്ടും, ജാഗ്രത പുലർത്താൻ ചുറ്റുമുള്ളവരോട് പറയും. കാരണം അവന്റെ മനസ്സിൽ മനുഷ്യസ്നേഹമുണ്ട്. മനുഷ്യനന്മയാണ് അവന്റെ മതം. അതിലൂന്നി മാത്രമേ അവന് കർമ്മം ചെയ്യാനാകൂ. അത്തരത്തിൽ ലോകത്തിന്റെ ഭാവിയിൽ കരിമ്പടം പുതക്കപ്പെടുമെന്നും അതൊഴിവാക്കാൻ ജന്മജന്മങ്ങളായി അന്ധതയ്ക്കുള്ളിൽ നിന്നും വെളിച്ചത്തെ തിരിച്ചറിയണമെന്നും വിളിച്ചുപറഞ്ഞ കലാകാരനാണ് രാജീവ് അഞ്ചൽ. 22 വർഷങ്ങൾക്കിപ്പുറവും ഗുരു എന്ന സിനിമ ഏറ്റവും പ്രസക്തമായി നിലനിൽക്കുന്നിടത്താണ് കാലത്തെ അതിജീവിക്കുന്ന കലയെ സൃഷ്ടിച്ച പ്രതിഭയുടെ ദീർഘവീക്ഷണം വ്യക്തമാകുന്നത്. 'നാളെ നമ്മുടെ നാട്ടിൽ സംഭവിക്കാവുന്ന ഒരു മഹാദുരന്തം ഒഴിവാക്കാൻ മനുഷ്യ മന:സാക്ഷിക്കു നേരെ പിടിക്കുന്ന ഒരു കണ്ണാടിയാണ് ഈ ചിത്രം' എന്ന തലക്കെട്ടോടുകൂടി തുടങ്ങുന്ന സിനിമ ഇന്ന് നടക്കുന്ന സമകാലീന സാമൂഹിക വിഷയങ്ങളിലേക്കുള്ള വിരൽ ചൂണ്ടലാണ്.




ആരാണ് 'ഗുരു' എന്ന ചിന്തയിൽ നിന്നാണ് ഗുരു ആരംഭിക്കുന്നത്. പൂർണ്ണനായ ഗുരു എല്ലാമാണ്, ഇരുട്ട് മാറ്റി വെളിച്ചം പകരുന്ന സ്നേഹമാണ്, അറിവുകേട് മാറ്റി അറിവ് തരുന്ന കാരുണ്യമാണ്... രഘുരാമൻ എന്ന കേന്ദ്രകഥാപാത്രത്തിന്റെ ഫാന്റസി കാഴ്ചകളിലൂടെ പ്രേക്ഷകന്റെ മനസിലേക്ക് ഈ സിനിമ വെളിച്ചം നിറച്ചു. മോഹൻലാൽ അവതരിപ്പിക്കുന്ന മതാന്ധതയാൽ വെറിപൂണ്ടുപായുന്ന രഘുരാമൻ, ജാതിമതഭേദമന്യേ എല്ലാവരും സ്നേഹത്തോടെ കഴിയുന്ന ഒരു ആശ്രമത്തിൽ എത്തുന്നത് തന്റെ മതത്തിൽ പെടാത്തവരെ വധിക്കാൻ വേണ്ടിയാണ്. രഘുരാമന്റെ ചിന്തകളിലെ തെറ്റുകൾ മനസിലാക്കികൊടുക്കാൻ ആശ്രമത്തിലെ ഒരു അന്തേവാസിയായ പെൺകുട്ടി അയാളെ ഒരു അതീന്ദ്രീയ അനുഭവത്തിലേക്ക് കടത്തിവിടുന്നു. അന്ധൻമാരുടെ താഴ്‌വരയെന്ന ഫാന്റസിയിലേക്ക് പ്രേക്ഷകരെ കൃത്യമായി എത്തിക്കാൻ രാജീവ് അഞ്ചലിന് കഴിയുന്നിടത്താണ് സിനിമ അന്തർദേശീയ നിലവാരത്തിലേക്ക് എത്തുന്നത്. സാങ്കേതിക മികവ് പുലർത്തുമ്പോൾ തന്നെ ഗുരു പ്രേക്ഷകനോട് സംവദിക്കുന്ന ആശയം തന്നെയാണ് ഇരുപത്തിരണ്ട് വർഷങ്ങൾക്ക് ശേഷവും മലയാളം അതുവരെയും അതിനു ശേഷവും കണ്ടിട്ടില്ലാത്ത മികച്ച ചലച്ചിത്രാനുഭവമാക്കി മാറ്റുന്നത്. ഗുരു പറയുന്ന മതവും രാഷ്ട്രീയവും പ്രസക്തമാണ്. മതമാകുന്ന മതിൽക്കെട്ടിനുള്ളിലെ ഇലാമപ്പഴം കഴിച്ച് നമ്മുടെ കാഴ്ചയെ നമ്മൾ ഇല്ലാതാക്കിയിരിക്കുകയാണ്. അതുകൊണ്ട് തന്നെ മനോഹരമായ ഈ ലോകത്തെ പലരുടെയും സ്നേഹവും നന്മയും നമുക്ക് കാണാൻ സാധിക്കാതെ പോവുന്നു. എന്നാൽ നമ്മുടെ കാഴ്ച്ച നഷ്ടപെടുത്തിയ അതേ ഇലാമപഴത്തിൽ തന്നെ അന്ധത മാറുവാനുള്ള ഔഷധം അടങ്ങിയ വിത്ത് ഉണ്ട് എന്നത് മറ്റൊരു സത്യം. ആ സത്യമെന്ന പ്രകാശത്തെ കാണാൻ മതാന്ധതയുടെ ഇരുട്ടുമൂടിയ കണ്ണുകൾക്ക് സാധിക്കില്ല. മതഗ്രന്ഥങ്ങളുടെ സത്തയും കാമ്പും ഉൾകൊണ്ട് അത് ജീവിതത്തിന്റെ ഭാഗമാവുമ്പോൾ മാത്രമാണ് ഒരാൾ യഥാർത്ഥ വിശ്വാസിയാവുന്നത്. മതഗ്രന്ഥങ്ങൾ മനുഷ്യനന്മയാണ് വിളംബരം ചെയ്യുന്നത്. മാനവികമൂല്യങ്ങൾക്കാണ് അത് പ്രധാന്യം നൽകുന്നത്.

ഗുരുവിലെ മോഹൻലാലിന്റെ പ്രകടനം അവർണ്ണനീയമാണ്. രഘുരാമൻ നമുക്കുചുറ്റുമുള്ള ഒരു സാധാരണ മനുഷ്യനാണ്. മതാന്ധത ഇയാളുടെ തലച്ചോറിലും ചിതൽപുറ്റുകൾ സൃഷ്ടിച്ചിരുന്നു... മതാതീത ആത്മീയതയുടെ പ്രകാശം നിറഞ്ഞ ആശ്രമത്തിലെത്തി, അതീന്ദ്രീയ ദർശനങ്ങളിലൂടെ ലഭിച്ച വിജ്ഞാനം സിദ്ധിച്ചതോടെ ചിതൽപ്പുറ്റുകൾ മാറി തെളിഞ്ഞ ചിന്തകളിലേക്ക് എത്തുകയാണ്. രഘുരാമന്റെ പ്രസക്തി ശക്തമായി നമ്മളിലേക്ക് സന്നിവേശിപ്പിക്കാൻ മോഹൻലാൽ എന്ന അതുല്ല്യനടന് നിസാരമായി കഴിഞ്ഞിരിക്കുന്നു. ഗുരുവിന്റെ മെതിയടിയിൽ സ്പർശിക്കുമ്പോൾ ലഭിക്കുന്ന ഉൾവെളിച്ചം എത്ര ആത്മപരമാണെന്ന് നമ്മൾ മനസ്സിലാക്കുന്നു. ഒരു നടന്റെ അപാരമായ നാട്യശേഷി നമ്മളിവിടെ അനുഭവിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ശാന്തിഗിരിയുടെ ഇത്തവണത്തെ പ്രണവപത്മം പുരസ്കാരം മോഹൻലാലിലേക്ക് എത്തിയതിനെ കാണേണ്ടതും വിലയിരുത്തേണ്ടതും.

മനുഷ്യ ജീവിതത്തിൽ ഏറ്റവും ശക്തമായി സ്വാധീനം ചെലുത്തുന്ന മതങ്ങളിലെ പോരായ്മകളെ, വളരെ നിഷ്പക്ഷമായി ആവിഷ്കരിച്ച ചിത്രം എന്ന നിലയിലും കാലത്തിന് കൈചൂണ്ടിയായി മുൻപേ പറന്ന കലാസൃഷ്ടി എന്ന നിലയിലും മോഹൻലാലിന്റെ അഭിനയമുഹൂർത്തങ്ങൾ ഗണിക്കപ്പെടുമ്പോൾ മുന്നിൽ നിൽക്കുന്ന ചിത്രം എന്ന നിലയിലും 'ഗുരു ' എന്നും ഓർമ്മിക്കപ്പെടും. വിലയിരുത്തപ്പെടും.



# മാനവസ്നേഹം ഉൾച്ചേർത്ത ശാന്തിഗിരി പ്രണവപത്മം പുരസ്കാരം

**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**

ഗുരുനാമജപത്താൽ മുഖരിതമായ ശാന്തിഗിരി ആശ്രമം വജ്രജൂബിലി തിളക്കത്തിലാണിപ്പോൾ. അത്ഭുതങ്ങളോ സിദ്ധിജാലങ്ങളോ കാട്ടാതെ ജനഹൃദയങ്ങളിൽ ഇടം നേടിയ നവജ്യോതി ശ്രീകരുണാകരഗുരുവിന്റെ മാനവസ്നേഹത്തിൻ മന്ത്രധ്വനി ഉയരുന്ന മഹാപ്രസ്ഥാനം, മാനവികതയുടെ മഹാസന്നിധിയായിലോകത്തിന് മാതൃകയായിട്ട് 60 സംവത്സരങ്ങൾ പിന്നിട്ടിരിക്കുന്നു. വജ്രജൂബിലിനിറവിൽ ശാന്തിഗിരിക്കുന്നിന് കൂടുതൽ മിഴിവേകുന്ന മറ്റൊരു പരിപാടികൂടി നടക്കാൻ പോകുന്നു. ശാന്തിഗിരി പ്രണവപത്മം പുരസ്കാരം സമർപ്പണം.

ഭൂമിയിലെ കോടാനുകോടി ജീവജാലങ്ങൾക്കിടയിൽ ഒരു മനുഷ്യരൂപം ലഭിക്കുന്നതുതന്നെ ഭാഗ്യമാണ്. മുൻജന്മസുകൃതം. ഈ ദൈവാദാനത്തെ ഫലപ്രദമായി വിനിയോഗിക്കുന്നതാണ് ജന്മസാഫല്യം. ഒരു പുരുഷായുസിൽ ലഭിക്കുന്ന ക്ഷണിക കാലയളവിൽ തനതായ കഴിവും മികവും കാട്ടുന്നവർക്ക് സമൂഹം ഉയർന്ന ഇരിപ്പിടങ്ങൾ നൽകും. ഇവരെ നമ്മൾ പ്രമുഖർ, പ്രശസ്തർ എന്നൊക്കെ വിളിക്കും. ഇത്തരത്തിൽ ദൈവം കൽപ്പിച്ചുനൽകിയ സ്വന്തം തട്ടകത്തിൽ നിന്നുകൊണ്ട് വ്യത്യസ്ത മേഖലകളിൽ മികവുതെളിയിച്ച ഒരു മികച്ച വ്യക്തിക്കാണ് ശാന്തിഗിരി ആശ്രമത്തിന്റെ പ്രണവപത്മം പുരസ്കാരം ഇത്തവണ നൽക്കുന്നത്.

22 വർഷങ്ങൾക്ക് മുൻപ് കൃത്യമായി പറഞ്ഞാൽ 1997 ഏപ്രിൽ 16 ലെ ഒരു മധ്യാഹ്നം. ഉഷ്ണമേറിയ പാലക്കാടൻ കാറ്റ് പനയോലകളിൽ വീശിയടിച്ച് പരുക്കൻ ശബ്ദമുണ്ടാക്കുന്നു. വരണ്ട് പഴുത്ത പാലക്കാടൻ നെൽപ്പാടങ്ങളിൽ നെൽക്കതിരുകൾ വെയിലിന്റെ ആധിക്യം കൊണ്ട് തളർന്നു തലതാഴ്ത്തി നിൽക്കുന്നു. വെയിലിന്റെ കനത്ത വെട്ടത്തിനും മേലേ മറ്റൊരു പ്രകാശ ജ്യോതിസ് അവിടെ തെളിഞ്ഞു നിന്നു. നവജ്യോതി ശ്രീകരുണാകരഗുരു. ഒരു തീർത്ഥയാത്ര വേളയിൽ ഗുരു ഓലശ്ശേരിയിലെത്തി വിശ്രമിക്കുകയാണ്. അന്ന് ഗുരുവിന്റെ മുൻപിൽ സന്ദർശകനായി ഒരാളെത്തി. ആഗതന്റെ മുഖത്ത് ഗുരു ഒന്നു നോക്കി, പിന്നെ ആ മൗനത്തിന്റെ വാത്മീകങ്ങൾ പൊട്ടിയ ചുണ്ടുകൾ മൊഴിഞ്ഞു.'മോഹനാ...' വശ്യമായ ആ വിളിയിൽ ഒരു കടലാഴം സ്നേഹമുണ്ടായിരുന്നു. അതു മാത്രം മതി ആ വ്യക്തിയുടെ ജീവിതയാത്ര എത്ര മോഹനമാണ് എന്ന് മനസ്സിലാക്കാൻ. നടനചാരുതയുടെ സർഗ്ഗവസന്തം മോഹൻലാൽ ആണ് അന്ന്, മോഹനാ എന്ന വിളിയിലൂടെ ഗുരുവിന്റെ കരുണയും സ്നേഹവും ആത്മജ്ഞാനത്തിൻ പ്രകമ്പനവും അനുഭവിച്ചറിഞ്ഞത്. പിന്നെ ഗുരു എന്ന ചലച്ചിത്രം പിറവികൊണ്ടു. ചരിത്രത്തിന് മുന്നേ നടന്ന ഒരു സിനിമ. ലോകജനത അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയെ തുറന്നു കാണിച്ച മലയാളത്തിന്റെ മഹത്തായ ചലച്ചിത്ര ആവിഷ്കാരം. ജനിച്ചുവീഴുന്ന ഉടൻതന്നെ ഓരോ കുഞ്ഞിനും ഇലാമ പഴച്ചാറ് വായിൽ പിഴിഞ്ഞൊഴിച്ചു കൊടുക്കുന്ന അന്ധരായ ജനവിഭാഗത്തെ നാം ഈ സിനിമയിലൂടെ കണ്ടു. ഇലാമപഴം എന്നത് ലോകത്തിലെ എല്ലാ മതങ്ങളെയും ആണ് പ്രതിനിധികരിച്ചിരിക്കുന്നത്. ജനിച്ചുവീഴുന്ന മനുഷ്യർ ഏതെങ്കിലും ഒരു മതത്തിന്റെ ചട്ടക്കൂട്ടിൽ അകപെട്ടുപോകുന്നു പിന്നെ അവർ കാണുന്ന ലോകം അതിലൂടെ മാത്രം ആയിരിക്കും. ലോകത്തിലെ എല്ലാ കോണിലും മതങ്ങളുടെ പേരിൽ ദിവസേന എത്ര എത്ര അനിഷ്ടസംഭവങ്ങളാണ് നടക്കുന്നത്. ഇക്കഴിഞ്ഞദിവസം ന്യൂസിലാന്റിൽ നടന്ന സംഭവവും ഇതാണ് ചൂണ്ടികാട്ടിതരുന്നത്. എന്നാൽ ഇലാമ പഴത്തിൽ തന്നെ ഉണ്ട് അന്ധത മാറാൻ ഉള്ള മരുന്നും. എല്ലാ മതങ്ങളും നിലകൊള്ളുന്നതും ഭൂമിയിൽ സ്നേഹം, ശാന്തി, സമാധാനം എന്നിവക്ക് വേണ്ടിയാണല്ലോ. എല്ലാ മതങ്ങളിലും ഉണ്ട് അന്ധത മാറാൻ ഉള്ള മരുന്നും. കുറച്ചു പേർ മാത്രമേ അത് തിരിച്ചറിയുന്നുള്ളു. അത് തിരിച്ചറിഞ്ഞാൽ തീരുന്ന പ്രശ്നമേ ലോകം ഇപ്പോൾ നേരിടുന്നുള്ളു. പാലക്കാട് ഓലശ്ശേരിയിൽ വച്ച് മാത്രമല്ല രണ്ടുമൂന്നുതവണകൂടി മോഹൻലാൽ ഗുരുവിന്റെ സ്നേഹസാമീപ്യം അനുഭവിച്ചിട്ടുണ്ട്. ഗുരുവിൽനിന്നും അന്നു വഴിഞ്ഞൊഴുകിയ സ്നേഹത്തിന്റെ നിതാന്ത സ്മരണകൾ ഉൾചേർത്ത് ഒരു കമലകാന്തിയായി ഇന്ന് പ്രണവപത്മം പുരസ്കാരം എന്ന പേരിൽ മോഹൻലാലിന് സമ്മാനിക്കുന്നു. അതേ, ഇത്തവണത്തെ പ്രണവപത്മം പുരസ്കാരത്തിനായി ജൂറി തിരഞ്ഞെടുത്തത് മോഹൻലാലിനെയാണ്.

ആരും വെറുക്കുന്ന വില്ലൻ കഥാപാത്ര വേഷമണിഞ്ഞ് മലയാള സിനിമയിലെത്തി. പിന്നെ നായകനായി തുടർന്ന് മലയാള സിനിമയുടെ മുഖം തന്നെയായി. ചലച്ചിത്ര പ്രേമികളുടെ മനസ്സിലിടം നേടിയെടുത്ത മഹാപ്രതിഭ. സിനിമ കൊട്ടകകളിലെ ഇരുട്ടിലിരുത്തി നമ്മളെ ചിരിപ്പിച്ച് രസിപ്പിച്ച, വിനോദിപ്പിച്ച, ആഹ്ലാദിപ്പിച്ച, അഭിമാനപുളകിതരാക്കിയ, രാജ്യസ്നേഹത്തെ ഉത്തേജിപ്പിച്ച, സംഘട്ടനങ്ങളിൽ തീപാറിച്ച് പേക്ഷകരെ സംഘർഷത്തിലാക്കിയ, ത്രസിപ്പിച്ച, ഭാവഗാംഭീര്യം കാട്ടിതന്ന കരയിപ്പിച്ച, ചിന്തിപ്പിച്ച അങ്ങനെ മനുഷ്യ വികാരങ്ങളുടെ നാനാഭാവങ്ങൾ കാട്ടിതന്ന മഹാനടൻ. പ്രണയത്തിന് ഇത്ര സൗന്ദര്യവും വശ്യതയും ഉണ്ടെന്ന് ഇതു പോലെ കാട്ടിതന്ന മറ്റൊരാളില്ല.. മാനുഷിക വികാരങ്ങൾക്ക് ഇത്ര ആഴവും ചൂടും ചവർപ്പും കയ്പ്പും കനിവും തീവ്രതയും നിസ്സഹായതയും സാന്ത്വനവും കരുതലും പാരവശ്യതയും നോവും വേദനയും സങ്കടവും വിക്ഷോഭങ്ങളും നിർവികാരതയും വാശിയും കോപവും വിരഹവും ആർദ്രതയും ഒക്കെ ഉണ്ടെന്ന് നമ്മൾ തിരിച്ചറിഞ്ഞു. സാധാരണക്കാരന്റെ ജീവിതവ്യഥകളും തമാശകളും നന്നായി പ്രതിഫലിപ്പിച്ചു. സ്വീകരണത്തിന്റെ പൂമാലകളേയും തിരസ്കാരത്തിന്റെ കല്ലേറുകളേയും സ്വതസിദ്ധമായ ശൈലിയിലൂടെ ശാന്തഭാവങ്ങൾ കൊണ്ട് ഒരേപോലെ ഏറ്റുവാങ്ങിയ പ്രിയ നടൻ. എതിരുകളും വിമർശനങ്ങളും കണക്കറ്റ് ശകാരിക്കുമ്പോഴും അതിനെയെല്ലാം കുസൃതിയോടെ ചിരിച്ച് ലളിതമാക്കി.

വെള്ളിത്തിരയിൽ നിന്ന് പലപ്പോഴും ഇറങ്ങിവന്ന് എഴുത്തിലൂടെയും ബ്ളോഗുകളിലൂടെയും ഒക്കെ നമ്മുടെ പൗരബോധത്തെ ഉണർത്താൻ ഇദ്ദേഹം നിരന്തരമായി ശ്രമിക്കുന്നു. ജീവകാരുണ്യത്തന്റെ പേരിൽ പാവപ്പെട്ടവർക്കും രോഗികൾക്കും നിരാലംബർക്കും സാന്ത്വനമാകാൻ സമയവും സമ്പത്തും ഒക്കെ നിർലോഭം ചിലവഴിക്കുന്നു. ബോധവൽക്കരണവും സാമൂഹിക അവബോധവും നൽകുന്ന പരിപാടികൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് സർക്കാർ പരിപാടികളിലും പരസ്യങ്ങളിലുമുൾപ്പെടെ സർക്കാരുമായി സഹകരിക്കുന്നു. മലയാളത്തിനു പുറമേ ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട തുടങ്ങിയ വിവിധഭാഷകളിൽ മാറ്റു തെളിയിച്ച എത്രയോ അഭിനയ മുഹൂർത്തങ്ങൾ.

2001 ൽ പത്മശ്രീ നൽകിയും 2019ൽ പത്മഭൂഷൻ നൽകിയും രാജ്യം ആദരിച്ചു. 2009 ൽ ലഫ്റ്റനന്റ് കേണൽ പദവി. കാലടിസർവകലാശാലയിൽ നിന്നും ഡോക്ടറേറ്റ്. 2006 ൽ സി.എൻ.എൻ – ഐ.ബി.എൻ നടത്തിയ സർവേയിൽ ഏറ്റവും ജനപ്രീതിയുള്ള മലയാളി. 1978 ൽ തുടങ്ങിയ ചലച്ചിത്ര സപര്യ ഇന്നും വിശ്രമമില്ലാതെ തുടരുന്നു.അഞ്ചു ദേശീയ പുരസ്കാരങ്ങൾ 9 സംസ്ഥാന പുരസ്കാരങ്ങൾ, ഫിലിം ക്രിട്ടിക്സ്, ഫിലിംഫെയർ അവാർഡ് തുടങ്ങി അനവധി അംഗീകാരങ്ങൾ നേടിയ അഭിനയസാമ്രാട്ട് മോഹൻലാൽ.

ഇത്തരത്തിൽ വിവിധമേഖലകളിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച, അതുല്യ പ്രതിഭയായ മലയാളികളുടെ പ്രിയ നടൻ! ഇത്തവണത്തെ ശാന്തിഗിരി പ്രണവപത്മം പുരസ്കാരം മോഹൻലാലിനാണ് നൽകുന്നത്. മാർച്ച് 25 ന് വൈകുന്നേരം 6 ന് ആശ്രമത്തിൽ പ്രൗഢഗംഭീരമായ വേദിയെയും ജനസഹസ്രങ്ങളെയും സാക്ഷി നിർത്തി നേപ്പാളിന്റെ മുൻ പ്രധാനമന്ത്രി ജാലാനാഥ് ഖനൽ പുരസ്കാരം മോഹൻലാലിന് സമ്മാനിക്കും.







Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala